# MODEL QUESTION PAPER

DSP(2016)1648

Revision-2016

FOURTH SEMESTER DIPLOMA IN SECRETARIAL PRACTICE EXAMINATION

DTP & WORD PROCESSING MALAYALAM

Maximum Marks: 50 Part A Time: 10 minutes

---

## റയിൽവേ സോൺ

റയിൽവേ വികസനത്തിൽ കേരളത്തോടുകാട്ടുന്ന അവഗണനയിൽ നിന്നാണു സംസ്ഥാനത്തെ ഡിവിഷനുകൾ ഉൾപ്പെടുത്തി പ്രത്യേക മേഖല (സോൺ) വേണമെന്ന ആവശ്യം ഉയർന്നത്. റയിൽവേ ബഡ്ജറ്റുകൾക്കു മുന്നോടിയായി, കഴിഞ്ഞ പത്തു വർഷത്തിനിടെ സംസ്ഥാനം സമർപ്പിച്ച നിവേദനങ്ങളിൽ ഈ ആവശ്യം ആവർത്തിച്ചിരുന്നു. എന്നാൽ ഈ ചിരകാലസ്വപ്നം സാക്ഷാത്ക്കരിയ്ക്കാൻ കേരളത്തിന്റെ ജനപ്രതിനിധികൾ എത്രത്തോളം ശ്രമിയ്ക്കുന്നുവെന്ന കാര്യത്തിൽ ഇപ്പോൾ ആശങ്ക ഉയരുകയാണ്.

ദീർഘകാലത്തെ ഇടവേളയ്ക്കുശേഷമാണു പുതിയ മേഖലകളും ഡിവിഷനുകളും രൂപീകരിയ്ക്കാൻ ആറംഗ വിദഗ്ദസമിതിയെ റയിൽവേബോർഡ് 2012 ജൂലൈയിൽ നിയമിച്ചത്. ഈ സമിതി പരിഗണിയ്ക്കുന്ന 32 നിവേദനങ്ങളിൽ പത്തെണ്ണം പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകൾ ഉൾപ്പെടുന്ന മേഖല ആവശ്യപ്പെടുന്നതാണ്. ദക്ഷിണേന്ത്യയിൽ മേഖലയില്ലാത്ത ഏക സംസ്ഥാനമായ കേരളത്തിന്റെ ആവശ്യം തീർച്ചയായും പ്രഥമ പരിഗണന ലഭിയ്ക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല.

റയിൽവേയ്ക്കു രാജ്യത്തൊട്ടാകെ 17 മേഖലകളാണുള്ളത്. പുതിയ മേഖലകൾ രൂപവൽക്കരിയ്ക്കുമ്പോഴൊക്കെ അവഗണിയ്ക്കപ്പെടുന്ന നിർഭാഗ്യ ചരിത്രമാണ് ഇതുവരെ കേരളത്തിനുള്ളത്. ദക്ഷിണറയിൽവേയിലെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളും കൊങ്കൺ റയിൽവേ കോർപ്പറേഷനു കീഴിൽ മഡ്ഗാവ് വരെയുള്ള ഭാഗവും ദക്ഷിണ പശ്ചിമ റയിൽവേയിൽ മൈസൂർ ഡിവിഷനിൽ മംഗലാപുരം മുതൽ ഹാസൻ വരെയുള്ള ഭാഗവും ചേർത്തു സോൺ രൂപവൽക്കരിയ്ക്കണമെന്നാണു കേരളത്തിന്റെ ആവശ്യം. പുതിയസോൺ രൂപീകരിയ്ക്കുന്നതിലൂടെ പ്രതീക്ഷിയ്ക്കുന്ന ഫലം ലഭിയ്ക്കുകയില്ല.

# MODEL QUESTION PAPER

DSP(2016)1648

Revision-2016

FOURTH SEMESTER DIPLOMA IN SECRETARIAL PRACTICE EXAMINATION

DTP & WORD PROCESSING MALAYALAM

Maximum Marks: 50 Part A Time: 10 minutes

---

### അക്ഷരലക്ഷം പരിപാടി ലക്ഷ്യത്തിലേക്ക്

പരിപൂർണ സാക്ഷരത ഉറപ്പുവരുത്താൻ സംസ്ഥാന സാക്ഷരതാമിഷൻ ആരംഭിച്ച അക്ഷരലക്ഷം പരിപാടി ലക്ഷ്യത്തിലേക്ക്. തുടർവിദ്യാഭ്യാസകേന്ദ്രങ്ങളുള്ള ര ായിരത്തി എൺപത്തിയാറു വാർഡുകളിലെ നിരക്ഷരരായിരുന്ന അൻപതിനായിരത്തോളംപേർ പരിപൂർണ്ണ സാക്ഷരത കൈവരിച്ചതായുള്ള പ്രഖ്യാപനം ഏപ്രിലിൽ നടക്കും.

ജനുവരി പതിനാലിനാണ് സംസ്ഥാനത്താകെ അക്ഷരലക്ഷം പദ്ധതി ഉൾപ്പെടുത്തേ നിരക്ഷരരെ ക െ ത്താൻ സർവേ നടത്തിയത്. ജനുവരി ഇരുപത്തിനാല്, ഇരുപത്തിയഞ്ച് തീയതികളിലായി ക്ലാസ്സുകൾ തുടങ്ങി. മിഷന്റെ പാഠ്യപദ്ധതി അടിസ്ഥാനപ്പെടുത്തി കോഴ്സിന് ആഴ്ചയിൽ അഞ്ച്മണിക്കൂർ ക്ളാസ്സ് നടത്തിയിരുന്നു. തുടർ കേന്ദ്രങ്ങളിൽ പഠനം പുരോഗമിക്കുന്നതോടൊപ്പം ഇവിടെയത്താൻ കഴിയാത്തവർക്കും കിടപ്പുരോഗികൾക്കും വീടുകളിലോ സൗകര്യപ്രദമായ സ്ഥലത്തോ പഠനത്തിന് സൗകര്യമൊരുക്കിയിരുന്നു. സാക്ഷരതാപരിപാടികളിൽ പങ്കെടുക്കാൻ കഴിയാത്തവർക്കും കിടപ്പുരോഗികൾക്കും മറ്റു പ്രയാസങ്ങൾ അനുഭവിക്കുന്നവർക്കും അക്ഷരലക്ഷം പരിപാടി അനുഗ്രഹമായി.

പഠനപ്രവർത്തനങ്ങൾ അന്തിമഘട്ടമായുള്ള പരീക്ഷ ഏപ്രിൽ ആദ്യവാരം നടക്കും. പത്തോടെ ഫലം പ്രഖ്യാപിച്ച് പതിനെട്ടിന് സംസ്ഥാന അടിസ്ഥാനത്തിൽ പ്രഖ്യാപനം നടത്താനാകുമെന്ന പ്രതീക്ഷയിലാണ് സാക്ഷരതാമിഷൻ. പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ഏറ്റവും കൂടുതൽ പഠിതാക്കളുള്ളത്. പാലക്കാട് പതിനൊന്നായിരത്തോളവും മലപ്പുറത്ത് അയ്യായിരത്തിനാനൂറ്റി പന്ത്ര ് പേരുമു ്. സാക്ഷരതാമിഷന്റെ അക്ഷരലക്ഷം പരിപാടി അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്തുമെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം.

# MODEL QUESTION PAPER

DSP(2016)1648

Revision-2016

FOURTH SEMESTER DIPLOMA IN SECRETARIAL PRACTICE EXAMINATION

DTP & WORD PROCESSING MALAYALAM

Maximum Marks: 50 Part A Time: 10 minutes

---

നഗരങ്ങളുടെ ആവിർഭാവം

വ്യവസായങ്ങളുടേയും വാണിജ്യത്തിന്റെയും സിരാകേന്ദ്രങ്ങളായി പട്ടണങ്ങൾ വളർന്നുവന്നു. ജനസംഖ്യയും സമ്പത്തും വർദ്ധിച്ചപ്പോൾ നഗരങ്ങൾ തനിയെ ആവിർഭവിച്ചു. വേദകാലഘട്ടത്തിൽതന്നെ ഇതിന് തുടക്കംകുറിച്ചിരുന്നു. ശ്രാവസ്തി, രാജഗൃഹം, അയോദ്ധ്യ, കൗശാംബി, കാശി, സാകേതം തുടങ്ങിയവ മഹാനഗരങ്ങളായിരുന്നു എന്ന് ബുദ്ധമത ഗ്രന്ഥങ്ങളും ഗ്രീക്ക് വിവരണങ്ങളും സാക്ഷ്യപ്പെടുത്തുന്നു. നഗരങ്ങൾ റിപ്പബ്ളിക്കുകളുടെ ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിച്ചു. ഹസ്തിനപുരം, ഇന്ദ്രപ്രസ്ഥം, കാമ്പില, അവന്തി, വൈശാലി, തക്ഷശില തുടങ്ങിയവയും ചെറിയ നഗരങ്ങളായിരുന്നു. നഗരങ്ങൾക്ക് ചുറ്റു മതിലുകൾ നിർമ്മിച്ചിരുന്നു. മതിലുകൾ നിർമ്മിക്കുന്നതിന് ഇഷ്ടിക, തടി, കല്ലുകൾ എന്നിവ ഉപയോഗിച്ചിരുന്നു. മിക്ക നഗരങ്ങളും വാണിജ്യപാതകളെ കേന്ദ്രീകരിച്ചാണ് ആവിർഭവിച്ചത്. വാണിജ്യത്തിന് മുഖ്യമായും നദികളും തോടുകളുമാണ് ഉപയോഗിച്ചിരുന്നത്. അതുകൊ ുതന്നെ നഗരങ്ങൾ ആവിർഭവിച്ചത് നദീതീരങ്ങളിലായിരുന്നു.

സാധനങ്ങൾ വാങ്ങാനും വിൽക്കാനും വരുന്നവരും കൈത്തൊഴിലുകാരും കുടിയേറി പാർത്ത സ്ഥലങ്ങൾ നഗരങ്ങളായി മാറി. നഗരങ്ങൾ തൊഴിൽസാധ്യത ഏറിയപ്പോൾ ഗ്രാമങ്ങളിൽ നിന്ന് കൂടുതൽ തൊഴിലാളികൾ നഗരങ്ങളിലേക്ക് വന്നു. സാധനങ്ങളുടെ ലഭ്യതയും നഗര ജീവിതവും ഗ്രാമീണരെ നഗരങ്ങളിലേക്ക് ആകർഷിച്ചു. അങ്ങനെ നഗരങ്ങൾ ക്രമേണ വളരുകയും മഹാനഗരങ്ങളായി മാറുകയും ചെയ്തു. കാർഷികവൃത്തിയിലേക്കുള്ള ചുവടുമാറ്റം ജീവിതത്തിന്റെ പല വശങ്ങളേയും സ്വാധീനിച്ചു ജനങ്ങൾ ര ായി വിഭജിക്കപ്പെട്ടു.

# MODEL QUESTION PAPER

DSP(2016)1648

Revision-2016

FOURTH SEMESTER DIPLOMA IN SECRETARIAL PRACTICE EXAMINATION

DTP & WORD PROCESSING MALAYALAM

Maximum Marks: 50 Part A Time: 10 minutes

---

## വിജയനഗരം

വിജയനഗരം സമ്പൽസമൃദ്ധമായിരുന്നു. ഫലപുഷ്ടമായ മണ്ണിൽ മനുഷ്യർ
കഠിനാദ്ധ്വാനം ചെയ്ത് കാർഷികോൽപ്പാദനം മികച്ചതാക്കി. കൃഷിക്ക് ജലസേ
ചന സൗകര്യങ്ങൾ ഉപയോഗിച്ചിരുന്നു. വ്യാവസായികമായും വിജയനഗരം
വളരെ മുന്നിലായിരുന്നു. വസ്ത്രനിർമ്മാണം, ഖനനം, ലോഹസംസ്കരണം
എന്നിവ ആയിരുന്നു പ്രധാന വ്യവസായങ്ങൾ. വിജയനഗര രാജാക്കന്മാർ കര
കൗശലക്കാരെയും വ്യാപാരികളെയും അളവറ്റ് പ്രോത്സാഹിപ്പിച്ചു. കരകൗശല
ക്കാർക്കും വ്യാപാരികൾക്കും പ്രത്യേക സംഘടനകൾ ഉ  ായിരുന്നു. വിജയനഗ
രത്തിലെ ജനജീവിതം ഐശ്വര്യപൂർണ്ണമായിരുന്നുവെന്ന് വിദേശസഞ്ചാരികളായ
നിക്കോളോ, പെയ്സ്, അബ്ദുൾറസ്സാക്ക് എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.

ഭൂനികുതി ആയിരുന്നു വിജയനഗരത്തിലെ ഏറ്റവും പ്രധാന വരുമാനം.
ഭൂമിയെ ഗുണമേന്മ അനുസരിച്ച് മൂന്നായി തരംതിരിച്ചു. കൃഷിക്ക് പറ്റിയ ഭൂമി,
വനങ്ങൾ, തോട്ടങ്ങൾ എന്നിങ്ങനെ. ഭൂമി അളന്നു തിട്ടപ്പെടുത്തിയിരുന്നു.
ഉത്പാദനത്തിന്റെ ആറിലൊന്ന് ഭാഗം നികുതിയായി നിശ്ചയിച്ചു. തീരുവ,
ചുങ്കം, തോട്ടങ്ങളിൽ നിന്നുള്ള വരുമാനം, വിവാഹനികുതി എന്നിവക്കായിരുന്നു
രാജാവിന്റെ മറ്റുവരുമാനങ്ങൾ. കച്ചവടക്കാർ, വ്യവസായികൾ, ചെരുപ്പുകുത്തി
കൾ, അലക്കുകാർ, കൈത്തൊഴിലുകാർ എന്നിവരും നികുതിദായകരായിരുന്നു.
വിദേശവാണിജ്യം വിജയനഗരത്തിന് ധാരാളം സ്വത്ത് സമ്പാദിക്കുന്നതിന് സഹാ
യകമായി. വിജയനഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായിരുന്നു മല
ബാർ തീരത്തെ കോഴിക്കോട്. സാമ്രാജ്യത്തിലാകെ മുന്നൂറോളം തുറമുഖങ്ങളു
 ായിരുന്നു.